**15 -ാം കേരള നിയമസഭ**

**1 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 911** **10-06-2021 - ൽ മറുപടിയ്ക്ക്**

**ഓൺലൈൻ പഠനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. മാത്യു കുഴൽനാടൻ | | Shri V Sivankutty<br>(പൊതു വിദ്യാഭ്യാസവും തൊഴിലും വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് കോവിഡ് വ്യാപനം തുടരുന്ന സാഹചര്യത്തിൽ ഈ വർഷവും വിദ്യാർത്ഥികൾക്ക് കഴിഞ്ഞ വർഷത്തെ പോലെ വിക്ടേഴ്സ് ചാനലിൽ ഓൺലൈൻ ക്ലാസ്സുകൾ തുടരുവാൻ തീരുമാനിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ; | (എ) | ഉണ്ട്. 2021 ജൂൺ 1-ന് തന്നെ കൈറ്റ് വിക്ടേഴ്സിലൂടെ 2021-22 അധ്യയന വർഷത്തെ ഡിജിറ്റൽ ക്ലാസുകൾ സംപ്രേഷണം ആരംഭിച്ചു. |
| (ബി) | അദ്ധ്യാപകരെ ഉപയോഗിച്ച് ഓരോ സ്കൂളിലും പ്രത്യേക ഓൺലൈൻ സംവിധാനം കൂടി ഒരുക്കുന്നതിന് നടപടി സ്വീകരിക്കുമോ; | (ബി) | കൈറ്റ് വിക്ടേഴ്സ് വഴി ഡിജിറ്റൽ ക്ലാസുകൾ ലഭ്യമാക്കുന്നതിനോടൊപ്പം അതത് അധ്യാപകർ തന്നെ അവരവരുടെ വിദ്യാർത്ഥികളെ ഓൺലൈൻ സൗകര്യങ്ങൾ പ്രയോജനപ്പെടുത്തിക്കൊണ്ട് (ഇൻറർനെറ്റ് സംവിധാനത്തിലൂടെ) നേരിട്ട് വിനിമയം ചെയ്യുന്നതിനുള്ള സൗകര്യങ്ങളും ഏർപ്പെടുത്തുന്നതിനുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. |
| (സി) | ഓൺലൈൻ പഠനം വിദ്യാർത്ഥികളിലും സമൂഹത്തിലും ഉണ്ടാക്കുന്ന മാനസിക ശാരീരിക പ്രശ്നങ്ങളെ പറ്റി പഠിക്കുന്നതിനും അതിന് പരിഹാരം കാണുന്നതിനും വിദ്യാഭ്യാസ വകുപ്പ് പ്രത്യേക ശ്രദ്ധ പതിപ്പിക്കുമോ ; വ്യക്തമാക്കാമോ ? | (സി) | ഓൺലൈൻ പഠനം വിദ്യാർത്ഥികളിലും സമൂഹത്തിലും ഉണ്ടാക്കുന്ന മാനസിക ശാരീരിക പ്രശ്നങ്ങളിൽ പരിഹാരം കാണുന്നതിന് എസ്.സി.ഇ.ആർ.ടിയും തിരുവനന്തപുരം സർക്കാർ വനിത കോളേജിലെ സൈക്കോളജിക്കൽ റിസോഴ്സ് സെൻററും സംയുക്തമായി ഗവേഷണ പഠനം നടത്തിയിട്ടുണ്ട്. പഠനത്തിന്റെ അടിസ്ഥാനത്തിൽ കണ്ടെത്തിയ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കുട്ടിയുടെ മാനസിക ആരോഗ്യം പരിഗണിച്ച് കലാ-കായിക വിദ്യാഭ്യാസം, പ്രവൃത്തി പരിചയം, ലൈഫ് സ്കിൽ, സൈബർ സേഫ്റ്റി തുടങ്ങിയവയ്ക്ക് പ്രാധാന്യം നൽകിയുള്ള ക്ലാസുകളും വിക്ടേഴ്സിലൂടെ സംപ്രേഷണം ചെയ്യുന്നുണ്ട്. കൂടാതെ 'അതിജീവനം' , 'കോവിഡ് പ്രതിരോധം' എന്നീ പേരുകളിൽ ഡോക്ടർമാർ, ബന്ധപ്പെട്ട മേഖലയിലെ വിദഗ്ധർ എന്നിവരുമായി ലൈവ് ഫോൺ ഇൻ പ്രോഗ്രാമും വിക്ടേഴ്സിലൂടെ ക്രമീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ